# 185/24-M

| ചോദ്യ പുസ്തക ക്രമനമ്പർ |
|---|
| |

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. വൈകുണ്ഠ സ്വാമികളെ സംബന്ധിച്ചുള്ള താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക.
   i. 1908-ൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലൂർ ഗ്രാമത്തിൽ ജനിച്ചു.
   ii. അദ്ദേഹത്തിന്റെ വിശ്വാസ സംഹിത അയ്യാവഴി എന്നറിയപ്പെടുന്നു.
   iii. അരുൾ നൂൽ അദ്ദേഹത്തിന്റെ രചനയാണ്.
   iv. കണ്ണാടി പ്രതിഷ്ഠ നടത്തി.

   A) i ഉം iv ഉം മാത്രം
   B) ii ഉം iii ഉം iv ഉം മാത്രം
   C) ii ഉം iii ഉം മാത്രം
   D) എല്ലാം ശരി

2. വയനാട്ടിൽ ബ്രിട്ടീഷുകാർക്കെതിരായി നടന്ന കുറിച്യ കലാപത്തെപറ്റി താഴെ പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏത് ?
   i. കലാപം നടന്നത് 1812 ലാണ്.
   ii. കലാപത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ രാമനമ്പിയെയാണ് നിയോഗിച്ചത്.
   iii. കലാപത്തിന്റെ പ്രധാന നേതാവായ പാലിയത്തച്ചനെ ബ്രിട്ടീഷുകാർ വധിച്ചു.
   iv. വട്ടത്തൊപ്പിക്കാരെ നാട്ടിൽ നിന്നും പുറത്താക്കുക എന്ന മുദ്രാവാക്യം കലാപകാരികൾ ഉയർത്തി.

   A) i ഉം iv ഉം മാത്രം
   B) ii ഉം iv ഉം മാത്രം
   C) ii ഉം iii ഉം മാത്രം
   D) iii ഉം iv ഉം മാത്രം

3. 2024-ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ച ഹാൻകാങ്ങിനെ കുറിച്ചുള്ള താഴെ കൊടുത്ത പ്രസ്താവനകളിൽ ശരിയേത് ?
   i. സാഹിത്യനോബൽ ലഭിക്കുന്ന ആദ്യത്തെ ദക്ഷിണ കൊറിയൻ സ്വദേശിയാണ്.
   ii. സാഹിത്യ നോബൽ നേടുന്ന ആദ്യ ഏഷ്യൻ വനിത.
   iii. 'ദി വെജിറ്റേറിയൻ' എന്ന നോവലിന് മാൻ ബുക്കർ പുരസ്ക്കാരം നേടി.
   iv. ദി വൈറ്റ് ബുക്ക് അവരുടെ ആത്മകഥ പരമായ രചനയാണ്.

   A) iii ഉം iv ഉം മാത്രം
   B) i ഉം ii ഉം മാത്രം
   C) ii ഉം iii ഉം മാത്രം
   D) എല്ലാം ശരിയാണ്

4. താഴെ പറയുന്നവയിൽ ശരിയായ ജോടി കണ്ടെത്തുക.
   i. 1885 – ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിച്ചു.
   ii. 1907 – സൂറത്ത് സമ്മേളനത്തിൽ കോൺഗ്രസിന്റെ പിളർപ്പ്.
   iii. 1934 – ഗാന്ധിജി കോൺഗ്രസ് പ്രസിഡന്റ് ആയി.
   iv. 1929 – ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലാഹോർ സമ്മേളനം.

   A) i ഉം ii ഉം iv ഉം മാത്രം
   B) ii ഉം iii ഉം iv ഉം മാത്രം
   C) iii ഉം iv ഉം മാത്രം
   D) എല്ലാം ശരിയാണ്

5. 2024-ൽ നടന്ന ബ്രിക്സ് ഉച്ചകോടിയുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയേത് ?
   i. പതിനാറാം-ഉച്ചകോടിയാണ് കസാനിൽ നടന്നത്.
   ii. കസാൻ സ്ഥിതി ചെയ്യുന്നത് ചൈനയിലാണ്.
   iii. ബ്രിക്സിന്റെ ആസ്ഥാനം ന്യൂഡൽഹിയാണ്.
   iv. 2009-ലാണ് ബ്രിക്സ് രൂപം കൊണ്ടത്.
   A) i ഉം ii ഉം മാത്രം
   B) ii ഉം iii ഉം മാത്രം
   C) iii ഉം iv ഉം മാത്രം
   D) i ഉം iv ഉം മാത്രം

6. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ഐ. എസ്. ആർ. ഒ. യുമായി ബന്ധമുള്ള ശരിയായ പ്രസ്താവന കണ്ടെത്തുക.
   i. ഐ. എസ്. ആർ. ഒ. സ്ഥാപിച്ചത് 1998-ൽ ആണ്.
   ii. ഇതിന്റെ ആസ്ഥാനം കൽക്കത്തയിലെ അന്തരീക്ഷ ഭവൻ ആണ്.
   iii. ഇതിന്റെ ആദ്യത്തെ ചെയർമാൻ വിക്രം സാരാഭായി ആയിരുന്നു.
   iv. വിക്രം സാരാഭായി സ്പേസ് സെന്റർ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്നു.
   A) i ഉം ii ഉം മാത്രം
   B) iii ഉം iv ഉം മാത്രം
   C) i ഉം iv ഉം മാത്രം
   D) ii ഉം iii ഉം മാത്രം

7. സ്വാതന്ത്ര്യ സമരകാലത്ത് മലബാറിൽ പ്രസിദ്ധീകരിച്ച 'അൽഅമീൻ' പത്രവുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയേത് ?
   i. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ നേതൃത്വത്തിലാണ് ആരംഭിച്ചത്.
   ii. 1924 ഒക്ടോബർ 12 നാണ് ആരംഭിച്ചത്.
   iii. 1939-ൽ ബ്രിട്ടീഷ് സർക്കാർ പത്രം നിരോധിച്ചു.
   iv. പത്രത്തിന്റെ ഓഫീസ് സ്ഥിതി ചെയ്തിരുന്നത് താനൂരിലായിരുന്നു.
   A) i ഉം ii ഉം iii ഉം മാത്രം
   B) ii ഉം iii ഉം മാത്രം
   C) iii മാത്രം
   D) iv മാത്രം

8. താഴെ കൊടുത്തിരിക്കുന്നവയിൽ തെറ്റായ ജോടി കണ്ടെത്തുക.
   i. എഴുത്തച്ഛൻ പുരസ്ക്കാരം – എൻ. എസ്. മാധവൻ
   ii. വയലാർ അവാർഡ് – അശോകൻ ചരുവിൽ
   iii. കേരളജ്യോതി പുരസ്ക്കാരം – എം. കെ. സാനു
   iv. ഓടക്കുഴൽ അവാർഡ് – ഡി. വിനയചന്ദ്രൻ
   A) i മാത്രം
   B) ii മാത്രം
   C) iii മാത്രം
   D) iv മാത്രം

9. താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങളുടെ ശരിയായ കാലഗണനാക്രമം ഏത് ?
   i. അതിർത്തി ഗാന്ധിയുടെ മരണം
   ii. മലബാർ കലാപം
   iii. ക്ഷേത്രപ്രവേശന വിളംബരം
   iv. ജവഹർലാൽ നെഹ്രുവിന്റെ മരണം
   A) ii, iii, iv, i
   B) ii, i, iv, iii
   C) i, ii, iii, iv
   D) iii, i, iv, ii

10. കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട താഴെ കൊടുത്ത പ്രസ്താവനകളിൽ ശരിയായത് ഏത് ?
    i. കൊച്ചി മെട്രോ ഉദ്ഘാടനം ചെയ്യപ്പെട്ടത് 2017 ജൂൺ 17 നാണ്.
    ii. കെ. എം. ആർ. എൽ. ആണ് ഇതിന്റെ പ്രവർത്തന ചുമതല വഹിക്കുന്നത്.
    iii. കൊച്ചി മെട്രോയുടെ അനുബന്ധ ജലപാത പദ്ധതിയാണ് കൊച്ചി വാട്ടർ മെട്രോ.
    iv. ഇന്ത്യയിലെ പതിനെട്ടാമത്തെ മെട്രോ റെയിൽവേയാണിത്.

    A) i ഉം ii ഉം iv ഉം മാത്രം
    B) ii ഉം iii ഉം iv ഉം മാത്രം
    C) i ഉം ii ഉം iii ഉം മാത്രം
    D) എല്ലാം ശരിയാണ്

11. കിബുൾലംജാവോ ദേശീയോദ്യാനം സ്ഥിതിചെയ്യുന്ന സംസ്ഥാനം
    A) മണിപ്പൂർ
    B) മേഘാലയ
    C) ത്രിപുര
    D) നാഗാലാന്റ്

12. നഗര ഗാർഹിക അവശിഷ്ടങ്ങളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ അർബൻ വേയിസ്റ്റ് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയ നഗരം
    A) അഹമ്മദ്ദാബാദ്
    B) ജയ്പൂർ
    C) വഡോദര
    D) സൂറത്ത്

13. ജൂൺ മാസത്തിൽ തുടങ്ങി സെപ്റ്റംബർ മാസം വരേ നീണ്ടു നിൽക്കുന്ന ഇന്ത്യയിലെ കാർഷിക കാലം
    A) സയ്ദ്
    B) മൺസൂൺ
    C) റാബി
    D) ഖാരിഫ്

14. അവശിഷ്ട പർവ്വതങ്ങൾക്ക് (റെസിഡ്യൂൽ പർവ്വതം) ഉദാഹരണമാണ്
    A) ആരവല്ലി
    B) സഹ്യാദ്രി
    C) ഏലമലക്കുന്നുകൾ
    D) നീലഗിരിക്കുന്നുകൾ

15. ക്രിസ്റ്റലൈൻ കായാന്തരിക ശിലകളിൽ നിന്നും ഖാദനഫലമായി ഉണ്ടാകുന്ന മണ്ണിനം
    A) പർവ്വത മണ്ണ്/മൗണ്ടൻ സോയിൽ
    B) ചുവപ്പ് മണ്ണ്/റെഡ് സോയിൽ
    C) എക്കൽ മണ്ണ്/ലാറ്ററൈറ്റ് സോയിൽ
    D) കരിമണ്ണ്/ബ്ലാക്ക് സോയിൽ

16. ഇലക്ട്രിക്കൽ കേബിൾ, ഇലക്ട്രോണിക്സ്, രാസവ്യവസായങ്ങളിൽ ഉപയോഗിക്കുന്ന കോപ്പർ നിക്ഷേപം (ചെമ്പ്) കൂടുതലായി കണ്ടുവരുന്ന സംസ്ഥാനം
    A) ഉത്തർപ്രദേശ്
    B) മധ്യപ്രദേശ്
    C) കർണ്ണാടകം
    D) പശ്ചിമബംഗാൾ

17. കൽക്കരിയുടെ ഉന്നതമായ വകഭേദമാണ്
    A) പീറ്റ്
    B) ലിഗ്നൈറ്റ്
    C) ബിറ്റുമിനസ്
    D) ആന്ത്രസൈറ്റ്

18. മേൽക്കൂര മഴവെള്ള ശേഖരണം നിയമം മൂലം നിർബന്ധമാക്കിയ ആദ്യ സംസ്ഥാനം
A) ഝാർഖണ്ഡ് B) ഒഡീഷ C) തമിഴ്നാട് D) തെലുങ്കാന

19. മെക്സിക്കോയിലെ വെട്ടിച്ചുട്ട് കൃഷി അറിയപ്പെടുന്നത്
A) മിൽപ്പ B) മസോൾ C) റോക്ക D) ലഡാങ്ങ്

20. ചിപ്കോ പ്രസ്ഥാനം എന്തുമായി ചേർത്ത് വായിക്കാം ?
A) ഛോട്ടാനാഗ്പൂർ പീഠഭൂമിയിലെ ഖനന നിയന്ത്രണം
B) പശ്ചിമഘട്ടമലനിരകളിലെ നക്ഷത്ര ആമകളുടെ സംരക്ഷണം
C) യമുനാ നദിയിലെ രാസ മലിനീകരണം തടയൽ
D) ഹിമാലയ പർവ്വത പ്രദേശങ്ങളിലെ സ്തൂപിക വനസമ്പത്ത് നശീകരണം തടയുന്നത്

21. 1957-ൽ കേരള സർവകലാശാലയായി മാറിയ തിരുവിതാംകൂർ സർവകലാശാല രൂപം കൊണ്ടത്
A) 1937 B) 1936 C) 1930 D) 1935

22. താഴെപ്പറയുന്നവയിൽ ഏത് സമരവുമായി ബന്ധപ്പെട്ടാണ് ''പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക'' എന്ന മുദ്രാവാക്യം ഗാന്ധിജി ഉയർത്തിയത് ?
A) ചമ്പാരൻ സത്യാഗ്രഹം B) ഉപ്പുസത്യാഗ്രഹം
C) ക്വിറ്റ് ഇന്ത്യ സമരം D) നിസ്സഹകരണ പ്രസ്ഥാനം

23. താഴെ പറയുന്ന കൃതികളിൽ ശ്രീനാരായണഗുരുവിന്റേതല്ലാത്ത കൃതി ഏതാണ് ?
A) ദൈവദശകം B) വേദാധികാര നിരൂപണം
C) നവമഞ്ജരി D) ദർശനമാല

24. ദേശീയ വിദ്യാഭ്യാസ ദിനമായ ''നവംബർ 11'' താഴെപ്പറയുന്നവരിൽ ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) സർദാർ വല്ലഭായി പട്ടേൽ B) മൗലാന അബ്ദുൽ കലാം ആസാദ്
C) ഡോക്ടർ എസ്. രാധാകൃഷ്ണൻ D) ഡോക്ടർ രാജേന്ദ്രപ്രസാദ്

25. ചുവടെ നൽകിയിരിക്കുന്ന സാഹിത്യകാരന്മാരിൽ ജ്ഞാനപീഠ പുരസ്ക്കാരം ലഭിക്കാത്ത മലയാള സാഹിത്യകാരൻ
A) അക്കിത്തം അച്യുതൻ നമ്പൂതിരി B) എം. ടി. വാസുദേവൻ നായർ
C) ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരി D) ഒ. എൻ. വി. കുറുപ്പ്

26. താഴെപ്പറയുന്നവയിൽ ഇന്ത്യൻ വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട കമ്മീഷനുകൾ
1. രാധാകൃഷ്ണൻ കമ്മീഷൻ
2. രംഗനാഥ മിശ്ര കമ്മീഷൻ
3. കോത്താരി കമ്മീഷൻ
4. മുഖർജി കമ്മീഷൻ
A) ഒന്നും മൂന്നും ശരി B) രണ്ടും നാലും ശരി
C) ഒന്നും നാലും ശരി D) രണ്ടും മൂന്നും ശരി

27. തേഭാഗ കർഷക തൊഴിലാളി സമരം നടന്നത് എവിടെയാണ് ?
   - A) ഹൈദരാബാദ്
   - B) ബോംബെ (മുംബൈ)
   - C) ബീഹാർ
   - D) ബംഗാൾ

28. ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ്
   - A) ഈശ്വര ചന്ദ്ര വിദ്യാസാഗർ
   - B) സ്വാമി ദയാനന്ദ സരസ്വതി
   - C) രാജാറാം മോഹൻ റോയ്
   - D) സ്വാമി വിവേകാനന്ദൻ

29. ഇന്ത്യയിൽ താഴെപ്പറയുന്നവയിൽ എവിടെയാണ് ഡെന്മാർക്കുകാർ ആധിപത്യം സ്ഥാപിച്ചിരുന്നത് ?
   - A) ഗോവ
   - B) പോണ്ടിച്ചേരി
   - C) ചന്ദ്രനഗർ
   - D) ട്രാൻകിബാർ

30. താഴെ നൽകിയിട്ടുള്ള സംഭവങ്ങളിൽ തെറ്റായത്
   - A) കുണ്ടറ വിളംബരം 1809
   - B) കുളച്ചൽ യുദ്ധം 1741
   - C) ആറ്റിങ്ങൽ കലാപം 1721
   - D) കുറിച്യ കലാപം 1810

31. മൗലിക ചുമതലകളുമായി ബന്ധപ്പെട്ട് താഴെ നല്കിയിരിക്കുന്ന പ്രസ്ഥാവനകളിൽ ശരിയായവ ഏത് ?
   - i. 1950-ൽ നിലവിൽ വന്ന ഇന്ത്യൻ ഭരണഘടനയിൽ മൗലികചുമതലകളെക്കുറിച്ച് പരാമർശമില്ലായിരുന്നു.
   - ii. സർക്കാരിയ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് മൗലിക ചുമതലകൾ കൂട്ടിച്ചേർക്കപ്പെട്ടത്.
   - iii. 1976-ലെ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ പൗരന്മാർ അനുവർത്തിക്കേണ്ട 10 ചുമതലകൾ കൂട്ടിച്ചേർത്തു.

   A) i, ii    B) i, iii    C) ii, iii    D) i, ii, iii

32. ഇന്ത്യയുടെ ദേശീയ ഗീതവുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്നവയിൽ ശരിയായവ ഏത് ?
   - i. ബങ്കിംചന്ദ്ര ചാറ്റർജിയാണ് എഴുതിയത്.
   - ii. ഹിന്ദി ഭാഷയിലാണ് രചിക്കപ്പെട്ടത്.
   - iii. ദേശീയ ഗാനത്തിനൊപ്പം തുല്യ പദവിയാണ് ദേശീയ ഗീതത്തിനുള്ളത്.

   A) i, ii    B) ii, iii    C) i, ii, iii    D) i, iii

33. ദേശീയ മനുഷ്യാവകാശ കമ്മീഷനെക്കുറിച്ച് ശരിയായവ ഏത് ?
   - i. 1993-ലെ പ്രൊട്ടക്ഷൻ ഓഫ് ഹ്യൂമൻ റൈറ്റ്സ് ആക്റ്റ് പ്രകാരമാണ് നിലവിൽ വന്നത്.
   - ii. ആദ്യ ചെയർമാൻ ജസ്റ്റിസ് രംഗനാഥ മിശ്ര ആയിരുന്നു.
   - iii. 1993 ഡിസംബർ 10 ന് ആദ്യ കമ്മീഷൻ നിലവിൽ വന്നു.
   - iv. ചെയർമാന്റെ കാലാവധി 3 വർഷം അല്ലെങ്കിൽ 70 വയസ്സ്.

   A) i, ii, iii, iv    B) i, ii, iv    C) ii, iii, iv    D) i, iii, iv

34. 2024-ലെ കേരളപ്രഭ പുരസ്കാരത്തിന് അർഹരായവർ

A) എം. കെ. സാനു, എസ്. സോമനാഥ്

B) എം. കെ. സാനു, എൻ. എസ്. മാധവൻ

C) എസ്. സോമനാഥ്, ഭുവനേശ്വരി

D) എസ്. സോമനാഥ്, ഷൈജ ബേബി

35. ഇന്ത്യൻ ഭരണഘടന 25 മുതൽ 28 വരെയുള്ള വകുപ്പുകളിൽ ഉറപ്പു നല്കുന്ന മതസ്വാതന്ത്രത്തിൽ പെടാത്തതേത് ?

i. ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം.

ii. മതസ്ഥാപനങ്ങൾ ഉണ്ടാക്കാനും സ്ഥാവരജംഗമ സ്വത്തുക്കൾ ആർജിക്കാനുള്ള അവകാശം.

iii. ഗവണ്മെന്റിന്റെ ഉടമസ്ഥതയിലും, ധനസഹായത്തിലും പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മത ബോധനം നടത്തുന്നത് നിരോധിക്കുന്നു.

iv. ന്യൂനപക്ഷങ്ങൾക്ക് സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനുമുള്ള അവകാശം.

A) ii, iii B) iii, iv C) iii D) iv

36. 2024-ലെ ബ്രിക്സ് (BRICS) സമ്മേളനം നടന്നതെവിടെ ?

A) റഷ്യ B) ഇന്ത്യ C) ഇറാൻ D) സിംഗപ്പൂർ

37. കുറിച്യ ലഹളയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്ഥാവനകൾ ഏത് ?

i. 1812-ലാണ് കുറിച്യ ലഹള ഉണ്ടായത്.

ii. വയനാട് ജില്ലയിലെ കുറിച്യ-കുംഭാര വിഭാഗത്തിൽപ്പെട്ടവർ ആണ് ലഹളക്ക് നേതൃത്വം നല്കിയത്.

iii. പ്രധാന നേതാവ് രാമനമ്പി ആയിരുന്നു.

iv. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി മലബാറിൽ നടപ്പിലാക്കിയ ജനവിരുദ്ധ നികുതി നയങ്ങൾക്കെതിരെ നടത്തിയ ലഹള.

A) i, ii, iii, iv B) i, ii, iii C) i, iii, iv D) ii, iii, iv

38. കേരളത്തിലെ ആദ്യത്തെ വനിതാ മാസിക

A) സംഗമിത്ര

B) ക്രൈസ്തവ മഹിളാമണി

C) കേരളീയ സുഗുണ ബോധിനി

D) മേരി റാണി

39. വിവരാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട വസ്തുതകളിൽ ശരിയായവ ഏത് ?
   i. വിവരാവകാശ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് രാജസ്ഥാനിലാണ്.
   ii. മസ്ദൂർ കിസാൻ ശക്തി സംഘതൻ എന്ന സംഘടനയാണ് നേതൃത്വം നല്കിയത്.
   iii. 2005 ഒക്ടോബർ 12 ന് നിലവിൽ വന്നു.
   A) i, ii  B) i, iii  C) i, ii, iii  D) ii, iii

40. 2024-ൽ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന നിയമസഭാ മണ്ഡലങ്ങൾ
   A) വയനാട്, ചേലക്കര
   B) വയനാട്, ചേലക്കര, പാലക്കാട്
   C) പാലക്കാട്, വയനാട്
   D) പാലക്കാട്, ചേലക്കര

41. കേരളത്തിൽ പടിഞ്ഞാറോട്ടൊഴുകുന്ന നദികളുടെ എണ്ണം എത്ര ?
   A) 41  B) 3  C) 4  D) 44

42. രണ്ടു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ഏക ജില്ല ഏത് ?
   A) മലപ്പുറം  B) പാലക്കാട്  C) ഇടുക്കി  D) വയനാട്

43. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി ഏതാണ് ?
   A) ഇടുക്കി
   B) പള്ളിവാസൽ
   C) ചെങ്കുളം
   D) ഇടമലയാർ

44. കേരളത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന മണ്ണിനം ഏത് ?
   A) എക്കൽ മണ്ണ്
   B) ചെമ്മണ്ണ്
   C) ലാറ്ററൈറ്റ് മണ്ണ്
   D) കറുത്ത മണ്ണ്

45. റെഡ് ഡാറ്റാ ബുക്കിൽ ഇടം നേടിയ കേരളത്തിലെ വന്യജീവി സങ്കേതം
   A) പറമ്പിക്കുളം
   B) ചെന്തുരുണി
   C) മുത്തങ്ങ
   D) ആറളം

46. ആത്മവിദ്യാസംഘം സ്ഥാപിച്ചതാര് ?
   A) സഹോദരൻ അയ്യപ്പൻ
   B) പണ്ഡിറ്റ് കറുപ്പൻ
   C) പള്ളത്തു രാമൻ
   D) വാഗ്ഭടാനന്ദൻ

47. കേരളത്തിൽ ആകെയുള്ള ലോക്സഭാ സീറ്റുകൾ എത്ര ?
   A) 20  B) 21  C) 19  D) 22

48. കേരള സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി ആര് ?
   A) കെ. കൃഷ്ണൻകുട്ടി
   B) റോഷി അഗസ്റ്റിൻ
   C) ജെ. ചിഞ്ചുറാണി
   D) പി. പ്രസാദ്

49. 1956-ൽ കേരളം രൂപീകരിക്കുമ്പോൾ എത്ര ജില്ലകൾ ഉണ്ടായിരുന്നു ?
A) 5 B) 4 C) 14 D) 7

50. കേരള നവോത്ഥാനത്തിന്റെ വഴിത്തിരിവായ അരുവിപ്പുറം പ്രതിഷ്ഠ നടത്തിയ സാമൂഹിക പരിഷ്കർത്താവ് ആര് ?
A) കുമാര ഗുരുദേവൻ
B) അയ്യങ്കാളി
C) ചട്ടമ്പി സ്വാമികൾ
D) ശ്രീനാരായണ ഗുരു

51. കേരളത്തിലെ ആദ്യത്തെ റെയിൽപ്പാത നിർമ്മിക്കപ്പെട്ട വർഷം
A) 1841 B) 1851 C) 1861 D) 1871

52. പയ്യന്നൂരിൽ വച്ച് നടന്ന കോൺഗ്രസ്സ് സമ്മേളനത്തിന്റെ അധ്യക്ഷൻ ആരായിരുന്നു ?
A) ഗാന്ധിജി
B) ബാരിസ്റ്റർ ടി. പ്രകാശൻ
C) ജവഹർലാൽ നെഹ്റു
D) കെ. കേളപ്പൻ

53. തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രക്ഷോഭവുമായി ബന്ധമില്ലാത്തതേത് ?
A) പുന്നപ്ര-വയലാർ സമരം
B) നിവർത്തന പ്രക്ഷോഭം
C) മലയാളി മെമ്മോറിയൽ
D) കീഴരിയൂർ ബോംബ് കേസ്

54. വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം വഹിച്ചിരുന്നത് ആരായിരുന്നു ?
A) ടി. കെ. മാധവൻ
B) എ. കെ. ഗോപാലൻ
C) മന്നത്ത് പത്മനാഭൻ
D) പി. കൃഷ്ണപിള്ള

55. 1817-ൽ ഗൗരി പാർവ്വതി ഭായി പുറപ്പെടുവിച്ച വിളംബരത്തിലെ ശ്രദ്ധേയമായ പരിഷ്ക്കാരം എന്തായിരുന്നു ?
A) ചാന്നാർ സ്ത്രീകൾക്ക് മാറ് മറയ്ക്കാനുള്ള അവകാശം
B) മരുമക്കത്തായത്തിനെതിരായ നിയമങ്ങൾ
C) ഏകീകൃതമായ ശിക്ഷാവിധികൾ
D) പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കി

56. യോഗക്ഷേമസഭ രൂപീകരിക്കുന്നതിന് നേതൃത്വം നൽകിയത് ആര് ?
A) മന്നത്ത് പത്മനാഭൻ
B) വി. ടി. ഭട്ടതിരിപ്പാട്
C) വൈകുണ്ഠ സ്വാമികൾ
D) വാഗ്ഭടാനന്ദൻ

57. 1920-ൽ മഞ്ചേരിയിൽ നടന്ന മലബാർ രാഷ്ട്രീയ സമ്മേളനത്തിൽ ഉൾപ്പെടാത്ത വിഷയമേത് ?
A) ഭരണ പരിഷ്ക്കരണം
B) കുടിയാന്മ പ്രശ്നം
C) ജനസംഖ്യാനുപാത സംവരണം
D) ഖിലാഫത്ത്

58. മലയാള ഭാഷയിലെ ആദ്യ നിഘണ്ടു ആരുടെ സംഭാവനയായിരുന്നു ?

A) ഡോ. ആഞ്ചലോസ് ഫ്രാൻസിസ്
B) അർണോസ് പാതിരി
C) ബെഞ്ചമിൻ ബെയ്‌ലി
D) ഡോ. ഹെർമെൻ ഗുണ്ടർട്ട്

59. 1809-ൽ കുണ്ടറ വിളംബരം പുറപ്പെടുവിച്ചതാര് ?

A) പഴശ്ശിരാജ
B) പാലിയത്തച്ചൻ
C) വേലുത്തമ്പി ദളവ
D) മാർത്താണ്ഡ വർമ്മ

60. 1859-ൽ ജെയിംസ് ഡാറ കയർ ഫാക്ടറി സ്ഥാപിച്ച സ്ഥലം ഏത് ?

A) ആലപ്പുഴ
B) കൊല്ലം
C) വർക്കല
D) ഇവയൊന്നുമല്ല

61. ജീവ മണ്ഡലത്തിലെ ജൈവ സമ്പന്നത സൂചിപ്പിക്കുന്ന 'ജൈവവൈവിധ്യം' എന്ന പദം ആദ്യമായി ഉപയോഗിച്ചത് ആര് ?

A) ഹ്യൂഗോഡീവറിസ്
B) റേച്ചൽ കാർസൻ
C) വാൾട്ടർ ജി. റോസൻ
D) ഏർണസ്റ്റ് ഹെക്കൽ

62. അമ്മയുടേയും ഗർഭസ്ഥ ശിശുവിന്റേയും രക്തം കൂടികലരാതെയുള്ള പദാർത്ഥ വിനിമയത്തിന് സഹായിക്കുന്ന ഭാഗം ഏത് ?

A) പ്ലാസന്റ
B) അമ്നിയോട്ടിക് ദ്രവം
C) ഗർഭാശയം
D) പൊക്കിൾകൊടി

63. കോശഭിത്തിയുടെ എല്ലാ ഭാഗത്തും ഒരേപോലെ കട്ടികൂടിയതരം കോശങ്ങൾ ചേർന്ന കല ഏത് ?

A) പാരൻകൈമ
B) കോളൻ കൈമ
C) ഫ്ലോയം
D) സ്ക്ലീറൻകൈമ

64. ചെറുകുടലിനകത്തെ പോഷക ആഗിരണത്തിനുള്ള പ്രതല വിസ്തീർണ്ണം അനേകം മടങ്ങ് വർധിപ്പിക്കാൻ സഹായിക്കുന്ന ഭാഗം

A) ലെന്റിസെൽ
B) വില്ലസ്സുകൾ
C) ഡെന്റയിൻ
D) ആൽവിയോലസുകൾ

65. വൃക്കയിലേക്ക് രക്തം കൊണ്ടുവരുന്ന കുഴൽ

A) വൃക്കാസിര
B) അധോമഹാസിര
C) വൃക്കാധമനി
D) ഊർധ്വമഹാസിര

66. നേത്രവൈകല്യങ്ങളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. കണ്ണിന്റെ ലെൻസിന്റെ ഇലാസ്തികത നഷ്ടപ്പെടുന്നത് മൂലം വരുന്ന രോഗമാണ് സിറോഫ്താൽമിയ.

ii. വിറ്റാമിൻ B യുടെ കുറവ് നിശാന്ധതയ്ക്ക് കാരണമാകുന്നു.

iii. കണ്ണിനുള്ളിൽ മർദ്ദം കൂടുന്ന അവസ്ഥയാണ് ഗ്ലോക്കോമ.

iv. കണ്ണിലെ ലെൻസ് അതാര്യമാകുന്ന അവസ്ഥയാണ് തിമിരം.

A) i, iv ശരി
B) iii, iv ശരി
C) ii, iv ശരി
D) i, ii ശരി

67. ന്യൂക്ലിയസില്ലാത്ത ഏകകോശ ജീവികൾ ഉൾപ്പെടുന്ന വിഭാഗം

A) ഫംജൈ
B) പ്രോട്ടിസ്റ്റ
C) മൊനീറ
D) യൂക്കാരിയ

68. 'ഭീമാകാരത്വം' ഏത് ഹോർമോണിന്റെ ഏറ്റകുറച്ചിലുമായി ബന്ധപ്പെട്ട അവസ്ഥയാണ് ?

A) വാസോപ്രസിൻ
B) തൈറോക്സിൻ
C) അഡ്രിനാലിൻ
D) സൊമാറ്റോട്രോപ്പിൻ

69. കോശശ്വസനവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. കോശശ്വസനത്തിന്റെ ആദ്യഘട്ടം കോശദ്രവ്യത്തിൽ വച്ചും രണ്ടാംഘട്ടം റൈബോസിമിലും വച്ച് നടക്കുന്നു.

ii. ആദ്യഘട്ടമായ ഗ്ലൈക്കോളിസിസിന് ഓക്സിജൻ ആവശ്യമാണ്.

iii. ഗ്ലൈക്കോളിസിസിന്റെ ഫലമായി 28 ATP തന്മാത്രകൾ ഉണ്ടാകുന്നു.

iv. ഗ്ലൈക്കോളിസിസിൽ ഗ്ലൂക്കോസ് പൈറൂവിക് ആസിഡായി മാറുന്നു.

A) ii, iv ശരി
B) iii, iv ശരി
C) i, iii ശരി
D) iv ശരി

70. വിട്രിയസ് ദ്രവം മനുഷ്യശരീരത്തിലെ ഏത് അവയവത്തിലാണ് കാണുന്നത് ?

A) ശ്വാസകോശം
B) കണ്ണ്
C) ചെവി
D) വൃക്ക

71. ജനറേറ്ററിൽ നടക്കുന്ന ഊർജ്ജ പരിവർത്തനം

A) യാന്ത്രികോർജ്ജം → വൈദ്യുതോർജ്ജം

B) വൈദ്യുതോർജ്ജം → യാന്ത്രികോർജ്ജം

C) സൗരോർജ്ജം → വൈദ്യുതോർജ്ജം

D) വൈദ്യുതോർജ്ജം → സൗരോർജ്ജം

72. ന്യൂക്ലിയാർ റിയാക്ടറിലെ ഇന്ധനം ഏത് ?
A) കാർബൈഡ്
B) സമ്പുഷ്ട യുറേനിയം
C) ഹൈഡ്രജൻ
D) തോറിയം

73. വസ്തുവിന്റെ പ്രവേഗം ഇരട്ടിയായാൽ ഗതികോർജ്ജം
A) രണ്ടു മടങ്ങാകും
B) പകുതിയാകും
C) നാലിലൊന്നാകും
D) നാലുമടങ്ങാകും

74. കൂട്ടത്തിൽ പെടാത്തത് ഏത് ?
A) പ്രവേഗം
B) ത്വരണം
C) വേഗം
D) സ്ഥാനാന്തരം

75. അന്തരീക്ഷമർദ്ദം അളക്കാനുപയോഗിക്കുന്ന ഉപകരണം
A) ലാക്ടോമീറ്റർ
B) ബാരോമീറ്റർ
C) തെർമോമീറ്റർ
D) ഹൈഡ്രോമീറ്റർ

76. ചില പ്രസ്താവനകൾ നൽകിയിരിക്കുന്നു. ഇവയിൽ ജെ. ജെ. തോംസണുമായി ബന്ധപ്പെടാത്ത പ്രസ്താവന ഏത് ?
A) പ്ലം പുഡിങ് മാതൃക മുന്നോട്ടു വച്ചു
B) ഇലക്ട്രോണിനെ കണ്ടെത്തി
C) ഡിസ്ചാർജ് ട്യൂബ് പരീക്ഷണങ്ങൾ നടത്തി
D) ന്യൂട്രോണിനെ കണ്ടെത്തി

77. റബ്ബറിന്റെ മോണോമർ
A) നിയോപ്രീൻ
B) ഐസോപ്രീൻ
C) ബ്യൂണ എസ്
D) ബ്യൂണ എൻ

78. റേഡിയോ ആക്റ്റീവത കണ്ടെത്തിയത്
A) ഗോൾഡ് സ്റ്റൈൻ
B) വില്യം ക്രൂക്സ്
C) ഹെൻറി ബെക്വറൽ
D) ഹാൻസ് ഗീഗർ

79. ലീച്ചിങ് എന്ന സാന്ദ്രണ രീതി ഉപയോഗിക്കുന്നത് ഏത് ലോഹത്തിന്റെ അയിരിനാണ് ?
A) സ്വർണ്ണം
B) ടിൻ
C) ഇരുമ്പ്
D) അലുമിനിയം

80. ഒരേ മാസ് നമ്പറും വ്യത്യസ്ത അറ്റോമിക നമ്പറുമുള്ള ആറ്റങ്ങളാണ്
A) ഐസോബാറുകൾ
B) ഐസോടോണുകൾ
C) ഐസോടോപ്പുകൾ
D) ഉപലോഹങ്ങൾ

81. സമചതുരാകൃതിയായ ഒരു തുണിയുടെ നീളം 1 മീറ്റർ ആണ്. ആ തുണിക്ക് 100 രൂപ വിലയുണ്ട്. എങ്കിൽ ആ തുണിയുടെ പകുതി നീളവും വീതിയുമുള്ള സമചതുരാകൃതിയായ പുതിയ തുണിയുടെ വില എത്രയാകും ?

A) 25 രൂപ B) 50 രൂപ C) 75 രൂപ D) 100 രൂപ

82. ഏതു രണ്ടു ചിഹ്നങ്ങൾ പരസ്പരം മാറ്റിയാലാണ് $5 + 3 \times 8 - 12 \div 4 = 3$ എന്ന സമവാക്യം ശരിയാകുക.

A) +, – B) –, ÷ C) +, × D) +, ÷

83. രണ്ടു സംഖ്യകളുടെ ല. സാ. ഗു. 60, ഉ. സാ. ഘ. 3 ഈ രണ്ടു സംഖ്യകളിൽ ഒരു സംഖ്യ 12 ആണെങ്കിൽ രണ്ടാമത്തെ സംഖ്യ ഏത് ?

A) 360 B) 180 C) 72 D) 15

84. $\sqrt{15^2 + 12^2 - 2 \times 15 \times 12}$ എത്ര ?

A) 3 B) 9 C) $\sqrt{3}$ D) 27

85. ഒരു മിശ്രിതത്തിൽ 4 ഭാഗം വെള്ളവും 5 ഭാഗം പാലുമാണ്. ഇതിൽ വെള്ളത്തിന്റെ അളവ് 80 മില്ലിലിറ്റർ ആയാൽ പാലിന്റെ അളവെത്ര ?

A) 100 മില്ലിലിറ്റർ B) 180 മില്ലിലിറ്റർ

C) 1000 മില്ലിലിറ്റർ D) 1800 മില്ലിലിറ്റർ

86. $[(32 \times 10) \div (10 - 2)]$ ൽ നിന്ന് 20 കുറച്ചാൽ എത്ര ?

A) 0 B) 10 C) 20 D) 40

87. $\dfrac{6.4^2 - 3.6^2}{2.8}$ എത്ര ?

A) 1 B) 10 C) 28 D) 100

88. 16.3 സെന്റിമീറ്റർ വശമുള്ള ഒരു സമഭുജത്രികോണത്തിന്റെയും 12.1 സെന്റിമീറ്റർ വശമുള്ള ഒരു സമചതുരത്തിന്റെയും ചുറ്റളവുകൾ തമ്മിലുള്ള വ്യത്യാസം എത്ര ?

A) 0.05 സെ. മീ. B) 0.5 സെ. മീ.

C) 4.1 സെ. മീ. D) 13.6 സെ. മീ.

89. എന്റെ കൈയ്യിൽ 60 പത്തു രൂപാ നോട്ടുകളുണ്ട്. ആ നോട്ടുകളിലെ നമ്പർ ക്രമമായിട്ടാണ്. ആദ്യത്തെ നോട്ടിന്റെ നമ്പർ 7575 ആണെങ്കിൽ അവസാനനോട്ടിന്റെ നമ്പർ ഏതായിരിക്കും ?

A) 7637 B) 7636 C) 7635 D) 7634

90. വിട്ടുപോയ പദസംഖ്യ ഏത് ?

1, 5, 11, 19, 29, ____, 55

A) 42 B) 40 C) 32 D) 41

91. ഒരു പ്രത്യേക ഭാഷയിൽ FILE എന്നത് UROV എന്ന് എഴുതിയിരിക്കുന്നു. എങ്കിൽ ആ ഭാഷയിൽ SOUR എന്നത് എങ്ങനെ എഴുതാം ?

A) IFLT B) HLFI C) LIFT D) LHIF

92. ഒരു കുടുംബത്തിൽ അജയനും, അയാളുടെ ഭാര്യയും നാലു ആൺമക്കളും അവരുടെ ഭാര്യമാരും ഉണ്ട്. ഓരോ ആൺമക്കൾക്കും 3 വീതം ആൺകുട്ടികളും 2 വീതം പെൺകുട്ടികളുമുണ്ട്. എങ്കിൽ ആ കുടുംബത്തിൽ എത്ര ആണുങ്ങളുണ്ട് ?

A) 9 B) 12 C) 17 D) 15

93. ഒരു ക്രിക്കറ്റ് കളിയിൽ ആദ്യത്തെ 10 ഓവറിലെ റൺനിരക്ക് 3.2 ആണ്. ബാക്കിയുള്ള 40 ഓവറിൽ ഏതു റൺനിരക്കിൽ റൺ എടുത്താലാണ് എതിർ ടീമിനെതിരെ 282 റൺസ് നേടാൻ സാധിക്കുക ?

A) 6.25 B) 6.5 C) 6.75 D) 7

94. ജോസഫ് ഒരു സ്ഥലത്തു നിന്ന് വെറൊരു സ്ഥലത്തേക്ക് 30 കി. മീ./മണിക്കൂർ വേഗതയിലും തിരിച്ച് 120 കി. മീ./മണിക്കൂർ വേഗതയിലും സഞ്ചരിച്ചു. ഈ രണ്ടു ദൂരങ്ങളും കൂടി സഞ്ചരിക്കാൻ 5 മണിക്കൂർ എടുത്തുവെങ്കിൽ ഒരു വശത്തേക്കു ജോസഫ് സഞ്ചരിച്ച ദൂരമെത്ര ?

A) 150 കി. മീ. B) 120 കി. മീ. C) 240 കി. മീ. D) 180 കി. മീ.

95. 2,850 രൂപക്ക് ഒരു സൈക്കിൾ വിറ്റപ്പോൾ 14% ലാഭം കിട്ടി. ലാഭശതമാനം 8% മാത്രമേ വേണ്ടെങ്കിൽ എത്ര രൂപക്ക് സൈക്കിൾ വിൽക്കണം ?

A) 2,600 B) 2,700 C) 2,800 D) 3,000

96. 3 വയസ്സിന്റെ വ്യത്യാസത്തിൽ ജനിച്ച 5 കുട്ടികളുടെ വയസ്സുകളുടെ തുക 50 ആണെങ്കിൽ ഏറ്റവും പ്രായം കുറഞ്ഞ കുട്ടിയുടെ വയസ്സ് എത്രയായിരിക്കും ?

A) 4 B) 5 C) 8 D) 10

97. $853 \times 1346 \times 452 \times 226$ എന്ന ഗുണനഫലത്തിൽ ഒറ്റയുടെ സ്ഥാനത്തെ സംഖ്യ ഏത് ?

A) 3 B) 8 C) 5 D) 6

98. തന്നിരിക്കുന്ന ജോടികളിൽ ഒരു ജോടി മാത്രം മറ്റു 3 ജോടികളിൽ നിന്ന് വ്യത്യസ്തമാണ്. ആ ജോടി ഏത് ?

A) 17, 71 B) 23, 32 C) 19, 90 D) 46, 64

99. മോഹന്റെ ഒരു മാസത്തെ വരുമാനം 50,000 രൂപയാണ്. വരുമാനത്തിന്റെ 15% മക്കളുടെ പഠനത്തിനും 28% വീട് ചിലവിനും 10% വാടകക്കും ഉപയോഗിക്കുന്നു. എങ്കിൽ മാസാവസാനം മോഹന്റെ സമ്പാദ്യം എത്ര ?

A) 26,000 രൂപ B) 25,000 രൂപ

C) 24,000 രൂപ D) 23,500 രൂപ

100. $5-\left(\frac{1}{4}+2\frac{1}{2}+2\frac{1}{4}\right)$ എത്ര ?

A) $2\frac{1}{4}$ B) 5

C) 0 D) ഇവയൊന്നുമല്ല

## Space for Rough Work

FINAL ANSWER KEY
Question Paper Code:185-2024 M
Question Paper Medium:Malayalam
Category Code:134/2023,259/2023,446/2023,447/2023,587/2023,696/2023,697/2023
Name Of Post & Department:Up to 10th level Common Preliminary Examination- ( Store Keeper, Asst.
Date Of Test:28-Dec-2024

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | B | A | D | D |
| 2 | C | D | B | A |
| 3 | D | D | A | A |
| 4 | A | B | C | D |
| 5 | D | A | D | B |
| 6 | B | C | A | C |
| 7 | A | D | B | A |
| 8 | D | A | C | C |
| 9 | A | B | A | D |
| 10 | C | C | D | B |
| 11 | A | D | B | D |
| 12 | A | C | B | A |
| 13 | D | B | A | D |
| 14 | A | B | D | C |
| 15 | B | A | D | A |
| 16 | B | D | A | A |
| 17 | D | D | A | A |
| 18 | C | A | A | D |
| 19 | A | A | D | B |
| 20 | D | A | C | B |
| 21 | A | D | D | C |
| 22 | C | D | C | A |
| 23 | B | D | C | A |
| 24 | B | C | A | C |
| 25 | C | B | A | D |
| 26 | A | B | C | D |
| 27 | D | A | D | B |
| 28 | C | C | D | B |
| 29 | D | C | B | D |
| 30 | D | A | B | C |
| 31 | B | C | D | B |
| 32 | D | C | A | C |
| 33 | B | D | C | C |
| 34 | C | A | D | C |
| 35 | D | C | B | B |
| 36 | A | D | C | D |
| 37 | C | B | B | C |
| 38 | C | C | D | D |
| 39 | C | B | C | D |
| 40 | D | D | C | A |
| 41 | A | A | A | B |
| 42 | D | B | D | C |
| 43 | B | A | A | A |
| 44 | C | D | D | B |
| 45 | A | A | B | A |
| 46 | D | D | C | D |
| 47 | A | B | A | A |
| 48 | B | C | D | D |
| 49 | A | A | A | A |
| 50 | D | D | B | D |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | C | C | C | D |
| 52 | C | A | B | B |
| 53 | D | C | D | C |
| 54 | A | B | B | C |
| 55 | D | D | C | C |
| 56 | B | A | C | A |
| 57 | C | C | C | D |
| 58 | B | C | A | A |
| 59 | C | D | D | C |
| 60 | A | B | A | B |
| 61 | C | D | C | C |
| 62 | A | B | D | B |
| 63 | D | C | C | C |
| 64 | B | D | B | A |
| 65 | C | D | C | D |
| 66 | B | B | A | B |
| 67 | C | C | D | D |
| 68 | D | A | B | B |
| 69 | D | C | D | C |
| 70 | B | B | B | D |
| 71 | A | D | B | B |
| 72 | B | A | C | D |
| 73 | D | B | B | A |
| 74 | C | C | D | B |
| 75 | B | D | A | D |
| 76 | D | C | B | A |
| 77 | B | A | D | D |
| 78 | C | B | A | C |
| 79 | D | B | D | B |
| 80 | A | D | C | C |
| 81 | A | A | B | C |
| 82 | B | D | C | B |
| 83 | D | X | A | B |
| 84 | A | D | B | D |
| 85 | A | C | B | D |
| 86 | C | B | A | A |
| 87 | B | C | B | D |
| 88 | B | A | D | X |
| 89 | D | B | A | D |
| 90 | D | B | A | C |
| 91 | B | C | A | A |
| 92 | C | B | D | B |
| 93 | A | B | X | D |
| 94 | B | D | D | A |
| 95 | B | D | C | A |
| 96 | A | A | C | B |
| 97 | D | B | B | C |
| 98 | X | D | B | A |
| 99 | D | A | D | B |
| 100 | C | A | D | B |

'X' denotes deletion

Approved For Publication
Sd/-
Section officer